**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യവകുപ്പ് - 2020 ഒക്ടോബർ മാസത്തിലെ ക്ഷേമ നിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**G.O(Rt)No.6085/2020/FIN** തീയതി :22.10.2020,തിരുവനന്തപുരം

പരാമർശം:- 1. സ ഉ (സാധാ) നം1182/2019/ധന. തീയതി 16.02.2019.
2. സ.ഉ (സാധാ) നം6780/19/ധന. തീയതി 24.08.2019
3. സ.ഉ(സാധാ) നം 10054/19/ധന. തീയതി 21.12.2019
4. സ.ഉ(സാധാ) നം 10222/19/ധന. തീയതി 28.12.2019
5. സ.ഉ(സാധാ) നം 2463/2020/ധന. തീയതി 24.03.2020
6. സ.ഉ(സാധാ) നം2515/2020/ധന. തീയതി 27.03.2020
7. സ.ഉ(സാധാ) നം 2717/2020/ധന. തീയതി07.04.2020
8. സ.ഉ(സാധാ) നം 4237/2020/ധന. തീയതി25.07.2020
9. സ.ഉ(സാധാ) നം.4774/2020/ധന. തീയതി 18.08.2020
10. സ.ഉ(പി) നം.118/2020/ധന തീയതി 06.09.2020
11. സ.ഉ(സാധാ) നം.5419/2020/ധന. തീയതി 23.09.2020

**ഉത്തരവ്**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2020 ഒക്ടോബർ മാസത്തിലെ പെൻഷൻ നൽകുന്നതിനായി 86,45,91,300 രൂപ ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമ നിധി ബോർഡുകളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2020 ഒക്ടോബർ മാസത്തെ ക്ഷേമ നിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക 86,45,91,300/-രൂപ (എൺപ്പത്തി ആറു കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറു രൂപ മാത്രം) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിൽ നിന്നും (IFS Code: KSBK 0000101) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമ നിധി ബോർഡുകളുടെ സ്പെഷ്യൽ ടി .എസ്.ബി അക്കൗണ്ട് /ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമ നിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3. 2020 ഒക്ടോബർ മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

4. ക്ഷേമനിധി ബോർഡ് പെൻഷൻ 2020 ഒക്ടോബർ 23 നു വിതരണം ആരംഭിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള **001101023000269 നമ്പർ** (IFSC Code KSBK0000101) അക്കൗണ്ടിൽ **2020 നവംബർ 10** നകം തിരിച്ചടയ്ക്കുന്നുവെന്നും എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്.

5.കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് പെൻഷൻ വിതരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതോടൊപ്പം ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ .ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I I ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷന് ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ (എസ്.എസ്/ബഡ്ജറ്റ്/ലേബർ /കൃഷി /വ്യയം /ഇൻഡ് &പി ഡബ്ലിയു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-1572698/എസ്.എഫ്.സി.ബി3/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

| | ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം | 2020 ഒക്ടോബർ മാസത്തേക്ക് അനുവദിക്കേണ്ട തുക | അനുവദിക്കേണ്ട എസ്.റ്റി.എസ്.ബി /ബാങ്ക്/ ഐ.എഫ്.എസ്.സി /അക്കൗണ്ട്നമ്പർ |
|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 12320 | 17248000 | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 261923 | 366692200 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 61502 | 86102800 | സബ് ട്രഷറി , തൃശൂർ,Special TSB A/c No. 713021400000017 |
| 4 | ക്ഷീര കർഷക പെൻഷൻ | 57973 | 63770300 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 3624 | 5073600 | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 73786 | 103300400 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 630 | 882000 | 701011400000114, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 8280 | 11592000 | 701010200002558, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 9 | ചുമട്ടു തൊഴിലാളി | 4399 | 6158600 | KLGB0040537, 40533710100748O |
| 10 | ആഭരണ തൊഴിലാളി | 445 | 623000 | STSB: 799011400005233, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 407 | 569800 | കാനറ ബാങ്ക് ,കോട്ടയം ,CNRB0001523, 1523132000007 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 8521 | 11929400 | സബ് ട്രഷറി , അങ്കമാലി, 711090100000664 |
| 13 | ബീഡി & സിഗാർ തൊഴിലാളി | 2858 | 4001200 | KLGB0040422, 40422100008881 |
| 14 | തയ്യൽ തൊഴിലാളി | 62293 | 87210200 | ഐ സി ഐ സി ഐ ,പട്ടം, ICIC0001177, 117701000668 |
| 15 | കൈത്തറി തൊഴിലാളി | 9112 | 12756800 | ജില്ലാ സഹകരണ ബാങ്ക് മെയിൻ ബ്രാഞ്ച് ,കണ്ണൂർ, UTIB0SKDC01, 1001007000326 |
| 16 | കശുവണ്ടി തൊഴിലാളി | 61915 | 86681000 | എസ് ബി ഐ ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 |
| | ആകെ | 629988 | 864591300 | |